# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1129

02.03.2017-ൽ മറുപടിയ്ക്ക്

## പൈങ്കുളം- തൊഴുപ്പാടം റോഡിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷത്തെ ചേലക്കര നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പൈങ്കുളം- തൊഴുപ്പാടം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മുടങ്ങാനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) പൈങ്കുളം തൊഴുപാടം റോഡിന്റെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ തദ്ദേശവാസികൾ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തണമെന്നാവശ്യപ്പെട്ട് റോഡ് പണി തടസ്സപ്പെടുത്തുകയും, തുടർന്ന് ഒരു വ്യക്തി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനും, അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കവാനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിനെ തുടർന്ന് പണികൾ തൽക്കാലം മുടങ്ങിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി ചെയ്തു തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ റോഡ് വിഭാഗം, ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; എത്രയും വേഗത്തിൽ റോഡ് നിർമ്മാണ പ്രവൃത്തി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (ബി) 2.30 കി.മീ. ദൂരത്തെ സർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ വകുപ്പ് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി സർവ്വേ വകുപ്പിന്റെയും, ഇറിഗേഷൻ വകുപ്പിന്റെയും, പൊതുമരാമത്ത് വകുപ്പിന്റെയും ഒരു സംയുക്ത പരിശോധന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നടത്തി പ്രസ്തുത വിവരം ബഹു. ഹൈക്കോടതിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസ് അവസാനിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ